# കേരള കാർഷിക സർവ്വകലാശാല
## പടന്നക്കാട് കാർഷിക കോളേജ്

**നമ്പർ : ജി.1-764/2019.** **തീയ്യതി :19.02.2020**

## ദർഘാസ്/ലേല പരസ്യം

പടന്നക്കാട് കാർഷിക കോളേജിൽ 2019 ഡിസംബർ, 2020 ജനുവരി മാസങ്ങളിൽ വിളവെടുപ്പിൽ ലഭിച്ച ഉദ്ദേശം 7,000 വിളഞ്ഞ നാളികേരം വിലയ്ക്ക് വാങ്ങുവാൻ ആഗ്രഹിക്കുന്നവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ | ഇനം | എണ്ണം |
|---|---|---|
| 1 | വിളഞ്ഞ തേങ്ങ | 7000 |

ദർഘാസിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ കാർഷിക കോളേജ് ഭരണവിഭാഗ കാര്യാലയത്തിൽ ഹാജരായി 2000 രൂപ നിരതദ്രവ്യം കെട്ടിവെക്കേണ്ടതാണ്.

ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയ്യതി 03.03.2020-ന് വൈകിട്ട് 3 മണി വരെയാണ്. കിട്ടിയ ദർഘാസുകൾ അന്നുതന്നെ വൈകിട്ട് 3.30 ന് ഹാജരുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും തൃപ്തികരമെന്ന് കണ്ടാൽ ഉറപ്പിക്കുന്നതുമാണ്. ദർഘാസ് തുറക്കുന്നതിന് മുമ്പ് ലേലം നടത്തുന്നതും ഏതിലാണോ കൂടുതൽ തുക കിട്ടുന്നത് അത് തൃപ്തികരമെന്ന് കണ്ടാൽ ഉറപ്പിക്കുന്നതുമാണ്. എന്നാൽ ക്വട്ടേഷൻ സമർപ്പിച്ചവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു. വിജയിയായ ആൾ അപ്പോൾ തന്നെ മൂന്നിലൊരു ഭാഗം തുക ഓഫീസിൽ അടയ്ക്കേണ്ടതാണ്. ബാക്കി മുഴുവൻ തുകയും ലേലതീയ്യതി മുതൽ 7 ദിവസത്തിനുള്ളിൽ അടയ്ക്കേണ്ടതും 15 ദിവസത്തിനുള്ളിൽ നാളികേരം കൊണ്ടുപോകേണ്ടതുമാണ്. അല്ലാത്തപക്ഷം പിന്നീടുള്ള ഒരോ ദിവസത്തിനും 5 രൂപ വീതം സ്റ്റോറേജ് ചാർജ്ജ് ഈടാക്കുന്നതുമാണ്. ഇപ്രകാരം പരമാവധി 15 ദിവസം മാത്രമേ സൂക്ഷിക്കാൻ അനുവദിക്കുകയുള്ളു. പ്രസ്തുത കാലാവധി കഴിഞ്ഞും നീക്കം ചെയ്യാത്ത പക്ഷം അതുവരെ അടച്ച പണം സർവ്വകലാശാലക്ക് മുതൽ കൂട്ടുന്നതും നാളികേരം പുനർലേലം വഴി വിൽക്കുന്നതും തൻമൂലം ഉണ്ടാകുന്ന നഷ്ടം വീഴ്ച വരുത്തിയ ലേല/ദർഘാസുകാരനിൽ നിന്നും ഈടാക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ ലേല ദിവസം അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തിദിവസം ലേലം നടത്തുന്നതാണ്.

എല്ലാവിധ സർക്കാർ നിബന്ധനകളും ഇതിന് ബാധകമാണ്. മറ്റ് വിശദവിവരങ്ങൾ ഓഫീസ് പ്രവൃത്തിസമയങ്ങളിൽ അന്വേഷിച്ചറിയാവുന്നതാണ്. (2280616)

ഒപ്പ്
ഡോ. പി. ആർ. സുരേഷ്
അസോസിയേറ്റ് ഡീൻ

സ്വീകർത്താവ്

1. നോട്ടീസ് ബോർഡ് ഫാം/കോളേജ്
2. വില്ലേജോഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട് സൗത്ത്)
3. നീലേശ്വരം/കാഞ്ഞങ്ങാട് നഗരസഭ
4. ആർ.എ.ആർ.എസ്. പിലിക്കോട്/നീലേശ്വരം
5. സർക്കുലേഷൻ (ഫാം മുഖാന്തിരം)
6. ഓഫീസർ ഇൻ ചാർജ്ജ്, ഫാം
7. ഫാം മാനേജർ ഇൻ ചാർജ്ജ് സ്റ്റോക്ക് & സ്റ്റോഴ്സ് ഫയൽ
8. കോളേജ് വെബ്സൈറ്റ്

//അംഗീകാരത്തോടുകൂടി അയക്കുന്നത്//

സെക്ഷൻ ഓഫീസർ

V-19.02.2020